LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത്തരത്തിലുള്ള ആക്ഷേപം അടിസ്ഥാനരഹിതമാണ്.

(ബി) ടൂറിസം പദ്ധതികളുടെ സാധ്യതാ പഠനം നടത്തിയും ടൂറിസ്റ്റുകൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ആവശ്യമാണോയെന്ന് പരിശോധിച്ചുമാണ് പദ്ധതി വിഹിതം ചെലവഴിക്കുന്നത്.

കക്കയം- പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതി

322 (1030) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ കക്കയം-പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം ലാപ്സായിപ്പോവുകയുണ്ടായിട്ടുണ്ടോ ;

(ബി) ടൂറിസം വകുപ്പ് നൽകിയ ഭരണാനുമതിയിലൂടെ പദ്ധതി പ്രവർത്തനം ഏറ്റെടുത്ത ഇറിഗേഷൻ വകുപ്പ്, പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു ;

(സി) പദ്ധതി നിർവ്വഹണം യഥാസമയം നടത്തുന്നതിൽ ഇറിഗേഷൻ വകുപ്പിന് വീഴ്ച ഉണ്ടായിട്ടുണ്ടോ; ഇതുമൂലം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പണം തിരിച്ച് നൽകേണ്ടതായി വന്നിട്ടുണ്ടോ ; ടൂറിസം പദ്ധതിക്ക് അനുവദിച്ച തുക എത്രയായിരുന്നു; തിരിച്ച് നൽകേണ്ടിവന്നത് എത്ര ;

(ഡി) ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെയും കോൺട്രാക്ടറുടെയും വീഴ്ചകൾമൂലമാണ് പദ്ധതി നഷ്ടപ്പെട്ടത്; അവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) കോഴിക്കോട് ജില്ലയിലെ കക്കയം-പെരുവണ്ണാമൂഴി ടൂറിസം വികസന പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് 4 കോടി രൂപ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ഇറിഗേഷൻ വകുപ്പ് പ്രസ്തുത

പദ്ധതിയിൽപ്പെട്ട ചിൽഡ്രൻസ് പാർക്കിന്റെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും മറ്റ് ഘടകങ്ങളുടെ ടെണ്ടർ നടപടികളിൽ കാലതാമസം ഉണ്ടാവുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാതെ വരികയും കേന്ദ്ര ടൂറിസം വകുപ്പിന്റെ നിർദ്ദേശത്തിന് വിധേയമായി അനുവദിച്ച മുഴുവൻ തുകയായ 4 കോടി രൂപയും തിരിച്ചടയ്ക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ചില ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടക്കം കുറിച്ചതായി അറിയിച്ചുകൊണ്ട് പദ്ധതി മുന്നോട്ടു കൊണ്ടുപോകണമെന്ന് ഇറിഗേഷൻ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. അത് കണക്കിലെടുത്ത് ബാക്കി ജോലികൾക്കായി ഇറിഗേഷൻ വകുപ്പ് സമർപ്പിച്ച 1,91,75,141 രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനുണ്ടായ ചെലവ്

323 (1031) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലവിമാന സർവ്വീസ് ആരംഭിക്കുന്നതിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് നാളിതുവരെ ഖജനാവിൽനിന്നും എത്ര രൂപ ചെലവഴിച്ചു; അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിക്കാൻ ഇനി എത്ര രൂപ കൂടി വേണ്ടി വരുമെന്നും വ്യക്തമാക്കാമോ ;

(ബി) 2-6-2013-ലെ ഈ പദ്ധതിയുടെ ഉദ്ഘാടനച്ചെലവ് എത്രയാണ്; ഉദ്ഘാടനം ഉൾപ്പെടെയുള്ള പരസ്യങ്ങൾക്കായി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിച്ചു ;

(സി) ഇത്തരത്തിൽ പണം ചെലവഴിക്കുമ്പോൾ ഈ പദ്ധതിയിൽ നിന്നും എന്ത് വരുമാനം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly